## അഡീഷണൽ എക്സൈസ് കമ്മീഷണറുടെ നടപടിക്രമം(ഭരണം),തിരുവനന്തപുരം.

സാന്നിദ്ധ്യം :- ഡി. രാജീവ്,ഐ.ഒ.എഫ്.എസ്.

വിഷയം:- എക്സൈസ് ഭരണപരം - പ്രിവന്റീവ് ഓഫീസർമാരായ സ/ശ്രീ. ഒ.പി. വർമ്മദേവൻ, പി. സുരേഷ് എന്നിവർക്ക് അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ കേഡറിലേക്ക് പ്രൊമോഷൻ നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1) ഉത്തരവ് നമ്പർ. എക്സ്.ഡി3-3907/2008 തീയതി 16-12-2008 (പ്രിവ. ഓഫീസർമാരുടെ 02-02-1993 മുതൽ 30-06-2003 വരെയുള്ള അന്തിമ സീനിയോരിറ്റി ലിസ്റ്റ്).
2) ഉത്തരവ് നമ്പർ. എക്സ്.ഡി3-2499/2010 (വാല്യം നമ്പർ.2) തീയതി 02-01-2003 (പ്രിവ. ഓഫീസർമാരുടെ 01-07-2003 മുതൽ 31-12-2008 വരെയുള്ള അന്തിമ സീനിയോരിറ്റി ലിസ്റ്റ്).
3) പ്രിവ. ഓഫീസർ ശ്രീ. പി. സുരേഷിന്റെ 30-05-2019-ലെ അപേക്ഷ.
4) പ്രിവ. ഓഫീസർ ശ്രീ. ഒ.പി. വർമ്മദേവന്റെ 13-06-2019-ലെ അപേക്ഷ.
5) പത്തനംതിട്ട ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറുടെ 22-06-2019-ലെ ഡി.പി2-03/2019-ാം നമ്പർ കത്ത്.
6) കോഴിക്കോട് ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറുടെ 01-06-2019, 25-06-2019-എന്നീ തീയതികളിലെ ഡി8-4131/2018-ാം നമ്പർ കത്തുകൾ.

## ഉത്തരവ് നമ്പർ ഇ.എക്സ്.സി/518/18എക്സ്.ഡി3 തീയതി :02.11.2019

പ്രിവന്റീവ് ഓഫീസർമാരായ സ/ശ്രീ. പി. സുരേഷ്, ഒ.പി. വർമ്മദേവൻ എന്നിവർ അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ കേഡറിലേക്ക് സ്ഥാന കയറ്റം ലഭിക്കുന്നതിനായി പരാമർശം (3), (4) പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ശ്രീ. ഒ.പി. വർമ്മദേവൻ പരാമർശം (1) പ്രകാരമുള്ള സീനിയോരിറ്റി ലിസ്റ്റിൽ ക്രമ നമ്പർ. 1405 ആയി ഉൾപ്പെട്ടിട്ടുണ്ട്. ശ്രീ. പി. സുരേഷ് പരാമർശം (2) പ്രകാരമുള്ള സീനിയോരിറ്റി ലിസ്റ്റിൽ ക്രമ നമ്പർ. 612 ആയി ഉൾപ്പെട്ടിട്ടുണ്ട്. പരാമർശം (1), (2) പ്രകാരമുള്ള സീനിയോരിറ്റി ലിസ്റ്റുകളിൽ ഉൾപ്പെട്ടവർക്കെല്ലാം തന്നെ അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ കേഡറിലേക്ക് സ്ഥാന കയറ്റം ലഭിച്ചിട്ടുണ്ട്. ടിയാന്മാർ അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ കേഡറിലേക്ക് പ്രൊമോഷനാവശ്യമായ നിർബന്ധിത വകുപ്പുതല പരീക്ഷകൾ വിജയിച്ചിട്ടില്ലാത്തതിനാൽ നാളിതുവരെ പ്രൊമോഷൻ ലഭിച്ചിട്ടില്ല. ശ്രീ. ഒ.പി. വർമ്മദേവന് 04-04-2017 തീയതിയിലും, ശ്രീ. പി. സുരേഷിന് 29-05-2019 തീയതിയിലും 50 വയസ്സ് പൂർത്തിയായിട്ടുള്ളതിനാൽ നിർബന്ധിത വകുപ്പുതല പരീക്ഷകൾ വിജയിക്കുന്നതിൽ നിന്നും ഇളവ് നൽകി അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ കേഡറിലേക്ക് പ്രൊമോഷൻ നൽകണമെന്ന് ടിയാൻമാർ അഭ്യർത്ഥിച്ചിട്ടുണ്ട്.

2) സ/ശ്രീ. പി. സുരേഷ്, ഒ.പി. വർമ്മദേവൻ എന്നിവർ സ്പെഷ്യൽ റൂൾ പ്രകാരമുള്ള പത്താംക്ലാസ് അടിസ്ഥാന യോഗ്യത നേടിയിട്ടുള്ളതിനാൽ ടിയാന്മാർക്ക് 50 വയസ്സ്

പൂർത്തിയായ മുറയ്ക്ക് കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾസ് ഭാഗം –II ചട്ടം 13 ബി യുടെ ആനുകൂല്യം നൽകി അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ കേഡറിലേക്ക് പ്രൊമോഷൻ നൽകാവുന്നതാണ്.

3) മേൽ സാഹചര്യത്തിൽ പ്രിവന്റീവ് ഓഫീസർമാരായ സ/ശ്രീ. ഒ.പി. വർമ്മദേവൻ, പി. സുരേഷ് എന്നിവർക്ക് 50 വയസ്സ് പൂർത്തിയായ യഥാക്രമം 04-04-2017, 20-05-2019 തീയ്യതി പ്രാബല്യത്തിൽ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾ പാർട്ട്-2 ചട്ടം 28(എ) യുടെ അടിസ്ഥാനത്തിൽ 29200-62400 രൂപ ശമ്പള സ്കെയിലിൽ അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ കേഡറിലേക്ക് പ്രൊമോഷൻ നൽകി യഥാക്രമം എക്സൈസ് റെയിഞ്ച് ഓഫീസ് ചിറ്റാർ, എക്സൈസ് റെയിഞ്ച് ഓഫീസ് കൊയിലാണ്ടി എന്നീ ഓഫീസിലേക്ക് നിയമിച്ച് ഉത്തരവാകുന്നു.

4) സ/ശ്രീ. ഒ.പി. വർമ്മദേവൻ, പി. സുരേഷ് എന്നിവർ; അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ കേഡറിൽ ചുമതല ഏൽക്കുന്നതു മുതൽ മാത്രമേ സാമ്പത്തിക ആനുകൂല്യങ്ങൾക്ക് അർഹതയുണ്ടായിരിക്കുകയുള്ളൂയെന്നും ഇതിനാൽ ഉത്തരവാകുന്നു.

*ഒപ്പ്/-*
ഡി. രാജീവ്,ഐ.ഒ.എഫ്.എസ്.
***അഡീഷണൽ എക്സൈസ് കമ്മീഷണർ (ഭരണം)***

ഗ്രാഹകൻ :- 1) ശ്രീ. ഒ.പി. വർമ്മദേവൻ, പ്രിവ. ഓഫീസർ
(പത്തനംതിട്ട ഡെപ്പ്യൂട്ടി എക്സൈസ് കമ്മീഷണർ മുഖാന്തിരം).
2) ശ്രീ.പി. സുരേഷ്, പ്രിവ. ഓഫീസർ
(കോഴിക്കോട് ഡെപ്പ്യൂട്ടി എക്സൈസ് കമ്മീഷണർ മുഖാന്തിരം).

പകർപ്പ്

1. അഡീഷണൽ എക്സൈസ് കമ്മീഷണർ (എൻഫോഴ്സ്മെന്റ്)
2. വിജിലൻസ് ഓഫീസർ (എക്സൈസ്), തിരുവനന്തപുരം.
3. ജോയിന്റ് എക്സൈസ് കമ്മീഷണർ, ദക്ഷിണമേഖല/ഉത്തരമേഖല.
4. ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ, പത്തനംതിട്ട/കോഴിക്കോട്.
5. വെബ്സൈറ്റ്.
6. ഉത്തരവ് ഫയൽ /കരുതൽ ഫയൽ.

*അംഗീകാരത്തോടെ,*

*സൂപ്രണ്ട്*

je